480/est/19.

## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - 31.03.2013-നോ അതിന് മുൻപോ സർക്കാർ സേവനത്തിൽ പ്രവേശിക്കുകയും, 01.04.2013-നോ അതിന് ശേഷമോ പുതിയ നിയമനം ലഭിക്കുകയും ചെയ്ത ജീവനക്കാരെ KSR Part III സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ നിലനിർത്തിക്കൊണ്ട് ഉത്തരവാകുന്നു.

പരാമർശം :
1) സ.ഉ(പി) നം. 209/2013/ധന തീയതി 07.05.2013
2) സ.ഉ (പി) നം. 279/2014/ഫിൻ തീയതി 14.07.2014
3) സ.ഉ (പി) നം. 142/2018/ഫിൻ തീയതി 10.09.2018
4) ഹരിപ്പാട് ബ്ലോക്ക്പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയറുടെ ഇ1-33/03 നമ്പർ കത്ത്
5) എറണാകുളം ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 28.11.2018-ലെ ഓ1-374/18 നമ്പർ കത്ത്
6) ആലപ്പുഴ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 30.11.2018-ലെ എ4/2001/18 നമ്പർ കത്ത്
7) ശ്രീ. അജികുമാർ, ശ്രീ. സഞ്ജീവ്. കെ.എസ്, ശ്രീമതി. ജ്യോതി പി പുല്ലാച്ചിറയിൽ എന്നിവരുടെ അപേക്ഷയും ഓപ്ഷൻ ഫോമും

## ഉത്തരവ് നം . എ2-841/2019/സിഇ/തസ്വഭവ തീയതി. 02.04.2019

മേൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം 31.03.2013-നോ അതിന് മുൻപോ കേരള സർവീസ് റൂൾസ് പ്രാബല്യത്തിലിരിക്കുന്ന വകുപ്പുകളിലോ സ്ഥാപനങ്ങളിലോ സേവനത്തിൽ പ്രവേശിക്കുകയും, 01.04.2013-നോ അതിന് ശേഷമോ പുതിയ നിയമനം ലഭിക്കുകയും ചെയ്തിട്ടുള്ള ജീവനക്കാരെ KSR PART III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടായിരുന്നു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ Option form സമർപ്പിക്കാൻ സാധിക്കാത്ത സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരുന്നതിന് മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർക്ക് ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിന് 30.11.2018 വരെ സമയം നൽകിക്കൊണ്ട് മേൽ പരാമർശം (3) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള മൂന്ന് ജീവനക്കാർ KSR ബാധകമായിട്ടുള്ള വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുകയും പിന്നീട് പി.എസ്.സി

മുഖേന ഈ വകുപ്പിൽ നിയമനം ലഭിക്കുകയും ചെയ്തവരാണ്. ടി ജീവനക്കാർ മേൽ പരാമർശം (4), (5), (6), (7) മുഖേന KSR PART III സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള അപേക്ഷയും ഓപ്ഷൻ ഫോമും ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | പേരും തസ്തികയും | സർവീസിൽ പ്രവേശിച്ച തീയതി | സർവീസിൽ പ്രവേശിച്ച വകുപ്പ് / സ്ഥാപനം | LSGD-യിൽ പ്രവേശിച്ച തീയതി | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് |
|---|---|---|---|---|---|
| 1 | സഞ്ജീവ്. കെ.എസ് (എൽ.ഡി ടൈപ്പിസ്റ്റ്) | 13.06.2005 | സിവിൽ ജുഡീഷ്യൽ വകുപ്പ് | 09.05.2014 | ഹരിപ്പാട് ബ്ലോക്ക്പഞ്ചായത്ത്, ആലപ്പുഴ |
| 2 | അജികുമാർ. പി.എ (ഓഫീസ് അറ്റൻഡന്റ്) | 06.01.2012 | വനം വകുപ്പ് | 22.04.2014 | ആലങ്ങാട് ബ്ലോക്ക്പഞ്ചായത്ത്, എറണാകുളം |
| 3 | ജ്യോതി പി പുല്ലാച്ചിറയിൽ (ഓഫീസ് അറ്റൻഡന്റ്) | 10.04.2011 | KSRTC | 13.07.2015 | കഞ്ഞിക്കുഴി ബ്ലോക്ക്പഞ്ചായത്ത്, ആലപ്പുഴ |

ഈ സാഹചര്യത്തിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച ജീവനക്കാരെ പരാമർശം (1)-ലെ ഉത്തരവ് ഖണ്ഡിക (2) പ്രകാരം KSR PART III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ നിലനിർത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ് : 1) എക്സി. എഞ്ചിനീയർ, ജില്ലാപഞ്ചായത്ത്, ആലപ്പുഴ / എറണാകുളം
2) അസി. എക്സി. എഞ്ചിനീയർ, ഹരിപ്പാട് / കഞ്ഞിക്കുഴി ബ്ലോക്ക്പഞ്ചായത്ത്, ആലപ്പുഴ / ആലങ്ങാട് ബ്ലോക്ക്പഞ്ചായത്ത്, എറണാകുളം
3) എ2 സെക്ഷൻ / കരുതൽ / സ്റ്റോക്ക് ഫയൽ